E 580

# ചിത്ര

"പണമുള്ള വീട്ടിലെ പെൺമണിയായ്
ഇനിയാരുമയ്യോ ജനിക്കരുതേ!!"

## ആനന്ദക്കുട്ടന്റെ
## കൃതികൾ

| | | |
|---|---|---|
| മുള്ളുകൾ | – | വിനോദം |
| ചീത | – | സംഭാഷണഗാനം |
| ആരാധന | – | കവിതകൾ |
| ദീപാവലി | – | ,, |

3187

# ചീത

(ഒരു സംഭാഷണഗാനം)

ഗ്രന്ഥകർത്താ

ആനന്ദക്കുട്ടൻ എം. എ.

നാഷനൽ ബുക്കു് സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം

വില 8 അണ.

രണ്ടാംപതിപ്പ് കോപ്പി 1000
പകർപ്പവകാശം ഗ്രന്ഥകർത്താവിന്

ഒന്നാംപതിപ്പ് 1948 മാർച്ച്
രണ്ടാംപതിപ്പ് 1953 മാർച്ച്

അച്ചടി:
ഇൻഡ്യാ പ്രസ്സ്, കോട്ടയം.

3187

TO

**L. C. ISSAC ESQ.**

BY WHOSE KIND ENCOURAGEMENT

THIS BOOK WAS WRITTEN.

3187

# അവതാരിക

പുത്രവിജയത്തിൽ ഒരു മാതാവിനുള്ള ആനന്ദവും ശിഷ്യവിഭൂതിയിൽ ഒരു ഗുരുവിനുള്ള അഭിമാനവും ഏകോപിച്ചു് തിരതല്ലുന്ന ഒരു മനോഭാവമാണു് ശ്രീ. ആനന്ദക്കുട്ടന്റെ 'ചീത' എന്ന ലഘുകാവ്യം സജ്ജനസമക്ഷം അവതരിപ്പിക്കുന്ന ഈ വേളയിൽ എനിക്കനുഭവമാകുന്നതു്. സാഹിത്യവൃന്ദാവനത്തിൽ ഈ ആനന്ദക്കുട്ടൻ സ്വച്ഛന്ദവിഹാരം ആരംഭിച്ചിട്ടു് ഇപ്പോൾ കാലം കുറേ കഴിഞ്ഞിരിക്കുന്നു. ഉത്തിഷ്ഠമാനന്മാരായ യുവകവികളിൽ പലരുടേയും മുന്നണിയിൽ ഉയർന്നു നില്ക്കത്തക്ക കെല്പും പ്രാഗത്ഭ്യവും ഇതിനിടെ സ്വകൃതികൾ മുഖേന പ്രകടിപ്പിച്ചും കഴിഞ്ഞിരിക്കുന്നു. അപ്പോൾ ഈ യുവാവിനെ സാഹിത്യലോകത്തിനു് പരിചയപ്പെടുത്തുക എന്ന പ്രശ്നമേ ഉദിക്കുന്നില്ല. അതിനാൽ കേവലം അനൗപചാരികമായി ചിലതു് ഇവിടെ പറയുന്നു എന്നേ ഉള്ളു.

സർവ്വഥാ നവീനമായ ഒരു പന്ഥാവാണു് ഗ്രന്ഥകാരൻ ഈ കൃതിയിൽ സ്വീകരിച്ചുകാണുന്നതു്. ഇംഗ്ലീഷിൽ ബാലഡ്'സ് (Ballads) എന്നറിയപ്പെടുന്ന കാവ്യസരണിയുടെ പ്രത്യേക മുദ്രയായ ചൈതന്യവും, ആർജ്ജവവും സാർവ്വജനീനതയും, അതോടൊപ്പം, ഉത്തമ സാഹിത്യകൃതികളിൽ മാത്രം തെളിഞ്ഞു പ്രകാശിക്കുന്ന കലാസുഭഗതയും, ആശയസാരള്യവും, ഒഴുക്കും, ഈ ലഘു

കാവ്യത്തിൽ ഇണക്കിച്ചേർത്തിരിക്കുന്നു. ബാലഡ്സ് പ്രസ്ഥാനത്തിൻെറ ന്യൂനതകൾ കുറഞ്ഞും മേന്മകൾ തികഞ്ഞും ഈ കൃതി ശോഭിക്കുന്നു എന്നുള്ള എൻെറ അഭിപ്രായത്തിന് ഒരു വിശദീകരണം ആവശ്യമാണെന്ന് ഞാൻ കരുതുന്നു. എന്നാൽ അതിലേയ്ക്കു തുനിയുന്നതിനുമുമ്പ് ബാലാഡ്സ് കാവ്യരീതിയുടെ ആഗമചരിത്രം കുറഞ്ഞൊന്ന് പ്രസ്താവിച്ചുകൊള്ളട്ടെ.

'ബാലഡ്സ്' അഥവാ ജനകീയഗാനങ്ങൾ സാർവ്വലൌകികമായ ഒരു സംസ്കാര സമ്പത്താണ്. ആശയവിനിമയത്തിന് ഭാഷ ഉപയോഗിച്ചുതുടങ്ങിയ ആ അതിപ്രാചീനകാലം മുതല്ക്കേ, മനുഷ്യൻെറ കലാവാസനയുടെ ബഹിർപ്രകടനമായി അതും പ്രവഹിക്കാൻ തുടങ്ങി. താളത്തിനനുസരിച്ച് ചുവടുവയ്ക്കുന്നതിനും ചുവടനുസരിച്ചു പാടുന്നതിനും മനുഷ്യപ്രകൃതിക്കുള്ള സഹജ വാസനയുടെ ഫലമായി, വയലിൽ ഉല്ലാസമായി വേല ചെയ്യുമ്പോഴും ഭീമാകൃതിയിലുള്ള കല്ലുകളും തടികളും എടുക്കുമ്പോഴും അതുപോലെ മററു കായിക യത്നങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോഴും, സ്വഗതേ ഗാനത്തിൽ ലയിച്ച് ആ പ്രവൃത്തി ഒരു നൃത്തമായി മാററാനുള്ള മനുഷ്യൻെറ വാസനയിൽ നിന്നുമാണ് പ്രാചീനമായ ജനകീയ ഗാനങ്ങൾ പലതും സംജാതമായതു്. നിത്യജീവിതത്തിലെ അപ്രധാനമല്ലാത്ത സംഭവങ്ങൾ അടിസ്ഥാനമാക്കി, വീരം, പ്രേമം, വിനോദം മുതലായ വികാരങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ആദികാലങ്ങളിൽ ഉളവായ നാടോടിപ്പാട്ടുകൾ വികാര സാന്ദ്രതയിൽനിന്നും പ്രവഹിക്കുന്ന ഈദൃശ ലഘുഗാനങ്ങൾ—കായികയത്നങ്ങളെ ലഘൂകരിക്കാ

നും വിശ്രമാവസരങ്ങളിലെ വിനോദത്തിനും ഒരുപോലെ ഉപയോഗപ്പെടുന്നു. ഏതു ദേശത്തും ഏതു ഭാഷയിലും ഇങ്ങനെയുള്ള 'പഴംകഥപ്പാട്ടുകൾ' സാമാന്യ ജനങ്ങളുടെ ഇടയിൽ സാർവ്വത്രികമായ പ്രചാരത്തിൽ ഇരുന്നിട്ടുണ്ട്. അവ ഒരു ജനസമുദായത്തിന്റെ പൊതുസ്വത്തായി, അനേകമനേകം ശതാബ്ദങ്ങളിലൂടെ വായ്പാട്ടായി പകന്ന് ഒടുവിൽ ഈ വിധത്തിൽ സാഹിത്യത്തിന്റെ ചിരന്തന സമ്പത്തായിത്തീരുന്നു.

ബാലഡ്സുകളിൽ ഏതു ദേശക്കാരുടേതായാലും ഏതു ഭാഷയിൽ രചിക്കപ്പെട്ടിട്ടുള്ളതായാലും, ഒരേ രീതിയിലുള്ള ആഖ്യാനം, വിഷയങ്ങൾ, സ്വാഭാവികത, ലാളിത്യം, അവിച്ഛിന്നമായ കഥാകഥനം സന്ദർഭത്തിന്റെ പ്രത്യേകതയനുസരിച്ചുള്ള ആവർത്തനങ്ങൾ, ഇവയെല്ലാം നമുക്കു കാണാൻ കഴിയും. ജനകീയ ഗാനങ്ങൾ നാട്ടാരുടെ, നേട്ടമെന്ന നിലയിൽ തികച്ചും പൊതുജനങ്ങളുടെ വകയാണ്. സമഷ്ടിതസ്വഭാവമാണ് അവയുടെ പ്രധാനാംശം. സാർവ്വജനീനതയാണ് അവയുടെ പ്രത്യേകത. സാധാരണക്കാരന്റെ നാവിൽ നിത്യം നടമാടുന്ന നാടോടിപ്പദങ്ങൾ കൊണ്ടാണ് അവയുടെ രചന. അലങ്കാര പ്രൗഢതയോ, ശബ്ദാഡംബരമോ അവയിൽ കാണുകയില്ല. സാഹിത്യനിയമങ്ങളുടെ കർക്കശമായ കൈപ്പെരുമാററം നാടോടിപ്പാട്ടുകളുടെ മലർമേനിയെ പരുക്കേല്പിക്കുന്നില്ല. പ്രത്യേകമൊരു രീതിയോ വ്യവസ്ഥയോ അവ പാലിക്കുന്നില്ല. ഭാഷയോടൊപ്പം പ്രാചീനവും വേദങ്ങളോടൊപ്പം ലളിതവും കാവ്യങ്ങളോടൊപ്പം ആനന്ദദായകവുമാണവ,

ആഖ്യാനപരമായ ഈ ഗാനങ്ങൾക്ക് പരമ്പരാഗതമായ ഒരു വാചികപാഠമേ ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നുള്ളു. ഇപ്പോഴും അച്ചടിയുടെ വേദനയറിയാതെ അനേകം മധുരഗാനങ്ങൾ നമ്മുടെ നാട്ടിൻപുറങ്ങളിൽ പകർന്നുവരുന്നുണ്ട്. ഇങ്ങനെ ഒരാളിൽനിന്ന് മറെറാരാളിലേക്ക് പകർന്നുപോരുന്നതുകൊണ്ട്, പാഠങ്ങൾക്ക് നിശ്ചയമോ നിഷ്കർഷയോ ഉണ്ടായിരുന്നില്ല. വേദങ്ങളെപ്പോലെതന്നെ, ഈദൃശഗാനങ്ങളുടേയും പ്രാമാണ്യം തലമുറകളെ ആശ്രയിച്ചല്ല സ്ഥിതിചെയ്യുന്നത്.

ജനകീയ ഗാനങ്ങളുടെ ഗായകൻ ദേശീയമായ സമഷ്ടിബോധത്തോടെ, ഗാനത്തിൽ സവിശേഷം ലയിച്ച്, സ്വന്തം വ്യക്തിത്വം മറന്ന് സ്വായത്തമായ സാമാന്യ ഭാഷയിൽ അനുഭവരസികത്വം കലർത്തി പാടുന്ന പാട്ടുകളാണ് ബാലഡ്സുകളായി പരിണമിക്കുന്നത്. ഭാവനയുടെ പൊൻചിറകുകൾ വീശി, അനക്ഷരകുക്ഷിയെങ്കിലും അനുഗൃഹീത കലാവാസനയുള്ള ഏതെങ്കിലും ഒരു പ്രതിഭാശാലി, അന്നത്തെ ജനസമുദായത്തിൻെറ ഹൃദയത്തുടിപ്പുകളേയും അനുഭവങ്ങളേയും അങ്ങനെ ഗാനരൂപത്തിൽ ആവിഷ്കരിക്കുന്നു; മററുള്ളവർ ആ ഗാനത്തെ ഏററുപാടുന്നു. പാടിയതാരാണെന്നല്ല. പാടിയതെന്താണെന്നാണ് പ്രശ്നം. മിക്ക നാടോടിപ്പാട്ടുകൾക്കും ആന്തരമായും ബാഹ്യമായും അപരിച്ഛേദ്യമായ ഒരു സമഷ്ടിത്വവും സാമൂഹ്യസത്തയും ഉണ്ട്. ആ ജനസമുദായത്തിൻെറ വികാരങ്ങളും അനുഭവങ്ങളും അനുസ്യൂതമായി ആവിഷ്കരിച്ചുകൊണ്ട് പ്രവഹിക്കുന്ന ഈ വിധം ബാല്ഡ്സുകൾക്ക "വൃത്തവ്യവസ്ഥയോ അക്ഷരവ്യക്തിയോ ഒന്നുമി

ല്ലെങ്കിലും അവ കോകിലഗാനംപോലെ ആസ്വാദ്യമാണ്." ഏതു നാട്ടിലെയും സാഹിത്യത്തിൻെറ ആദ്യരൂപം ഇത്തരം സനാതനങ്ങളായ ലളിതഗാനങ്ങളിലാണ് അധിഷ്ഠിതമായിരിക്കുന്നതു്.

എന്നാൽ, ജനങ്ങൾക്ക പുരോഗതിയും ഭാഷയ്ക്ക വളർച്ചയും സാഹിത്യാദർശങ്ങൾക്ക് വ്യാപ്തിയും ഉണ്ടായതോടുകൂടി കാവ്യസൃഷ്ടികൾക്കും ചില പരിഷ്കാരങ്ങളും വിശാലതയും കൈവരാൻ തുടങ്ങി. സാഹിത്യഭാഷ, സാമാന്യ സംസാരഭാഷയിൽനിന്നും വ്യത്യാസപ്പെട്ടു്, കെട്ടിലും മട്ടിലും ചില നവീന സമ്പ്രദായങ്ങളും ആഡംബരങ്ങളും സ്വീകരിച്ചു. കാവ്യകല സാമാന്യജനങ്ങളുടെ പിടിയിൽനിന്നും സാവധാനം ഉയൎന്നു് രാജാങ്കണങ്ങളിലും പ്രഭുമന്ദിരങ്ങളിലും കൃത്രിമ ലാവണ്യത്തോടെ വിഹരിക്കാൻ തുടങ്ങി. അതിനനുയോജ്യമായ വേഷമോടികളും അലങ്കാരധാടികളും അവൾ കൈക്കൊണ്ടു. പ്രാചീനകാലത്തു് സാമാന്യജനങ്ങളുടെ ഹൃദയത്തുടിപ്പുകളേയും സാമുദായികസത്തയേയും അനുപമമായ ഗാനങ്ങൾ വഴിയായി പകൎത്തി കമനീയമായി കളിയാടിയിരുന്ന സാഹിതീകന്യക ഇടക്കാലത്തു് ഇങ്ങനെ പരിഷ്കൃതരീതികൾ അവലംബിച്ചു് പ്രൗഢയായി, പാവപ്പെട്ടവൎക്കെത്താത്ത ദൂരം ഉയരുകതന്നെ ചെയ്തു. എത്രയോ ശതാബ്ദങ്ങൾ ഈ രീതി തുടൎന്നിരിക്കണം! ഏതാണ്ടു് പത്തൊൻപതാം നൂററാണ്ടിലാണ് ഈ കൃത്രിമസമ്പ്രദായത്തിന് ഒരു വിരാമമുണ്ടായതു്. മനുഷ്യത്വത്തിൻെറ മൎമ്മം വിസ്മരിച്ചു് ഉയൎന്നുപോയ സാഹിത്യപ്രഭുത്വത്തിന് ഫ്രഞ്ചുവിപ്ലവം വലിയ ചിന്താവിപ്ലവത്തിന് ദീപയഷ്ടി വഹി

ച്ച ആ ചരിത്രസംഭവം സാഹിതീദേവിയ്ക്കു് പ്രഭുസദസ്സുകളിൽനിന്നും പൊതുനിരത്തിലേക്ക് വീണ്ടും വഴികാട്ടി. വിശ്വസാഹിത്യത്തിലെ പേർപെററ ഇബ്സൺ എന്ന കാവ്യകാരൻെറ കൃതികൾ പ്രചാരത്തിൽ വന്നതോടുകൂടി, ആഭിജാത്യമദവും പാണ്ഡിത്യഗർവ്വും ഉപേക്ഷിച്ച് സാഹതീദേവി പാവപ്പെട്ടവരുടെ ജീവിതരംഗങ്ങളിലെ ദയനീയ യാതനകൾക്കും നെടുനിശ്വാസങ്ങൾക്കും കൂട്ടുനില്ക്കാൻ സന്നദ്ധയായി.

ഈ അഭ്യുത്ഥാനകാലത്തിലെ സാഹിത്യത്തിന് ചില പ്രത്യേകതകളെല്ലാമുണ്ട്. സാഹിത്യപ്രഭാവകാലത്തെ പുലർകാല ദീപ്തിയെ സ്മരിപ്പിക്കുന്ന ലാളിത്യവും, ഋജുത്വവും, സമഷ്ടിസത്തയും വീണ്ടും അതിനു കൈവന്നു. ജനങ്ങൾക്കുവേണ്ടി, അവരുടെ ഭാഷയിൽ ശക്തമായ രീതിയിൽ അനേകം കൃതികൾ ബാലഡ്സുകളുടെ സകല ഗുണങ്ങളോടും ചേർന്ന് സംജാതമായി. ആംഗ്ലേയ സാഹിത്യത്തിൽ സർ വാൾട്ടർ സ്കോട്ട്, റോബർട്ട് ബേൺസ്, കോളറിഡ്ജ് തുടങ്ങിയ അനുഗൃഹീത കവികൾ ബാലഡ്സുകളുടെ സാമാന്യലക്ഷണം പഠിച്ച്, മനഃപ്പൂർവ്വം ആ കാവ്യസരണിയെ വിജയപൂർവ്വം അനുകരിച്ചിട്ടുള്ളവരാണ്. സാധാരണ നാടോടി ഗാനങ്ങൾക്കുള്ള സാർവ്വജനീനമായ ലാളിത്യം ഇവയ്ക്കുള്ളതിനു പുറമേ, കലാസുഭഗതയിൽ പൊതിഞ്ഞ ഒരു കമനീയതകൂടെ ഉണ്ടെന്നുള്ള മേന്മ വിസ്മരിക്കത്തക്കതല്ല.

അങ്ങനെയുള്ള ഒരു ഉത്തമകൃതിയാണ് ഞാൻ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്ന "ചീത." ശ്രീ. ആനന്ദക്കുട്ടന് ഈ വിശിഷ്ട രീതി പ്രത്യേകമൊരു സി

ധിയാണെന്നു തോന്നും അദ്ദേഹത്തിൻെറ "കുഞ്ചൻെറ കിളി" "കുററവാളി" "കുടിലിൽ" മുതലായ ഇതര കൃതികൾ വായിച്ചാൽ. ഇങ്ങനെയുള്ള ഗാനങ്ങളിലെ സംഭാഷണത്തിൽ പലപ്പോഴും ഒരു നാടകീയത കാണാറുണ്ട്. നാടകീയമായ ഒരു പ്രസ്താവനയ്ക്കുശേഷം കഥാപാത്രങ്ങളുടെ ഗാനാത്മകമായ സംഭാഷണംമുഖേനയാണ് ചീതയിൽ കഥ പുരോഗമിക്കുന്നതു്. ഒരു ഗാനനാടകമെന്ന നിലയ്ക്കു് ഇതിന് സാഹിത്യത്തിൽ പ്രത്യേകമൊരു സ്ഥാനത്തിനർഹതയുണ്ട്. വികാരവിചാരങ്ങളുടെ പ്രകടനത്തിൽ അക്ലേശസിദ്ധമായ ഒഴുക്കു്, സ്വാഭാവികത, ഹൃദയംഗമത്വം എന്നീ ഗുണങ്ങൾ ഈ കൃതിയുടെ മേന്മയാണ്. ഏററവും ചുരുങ്ങിയ വാക്കുകളെക്കൊണ്ടു് ഈ യുവകവി, അനവധി പ്രൌഢവരികളെക്കൊണ്ടും മററു കവികൾ പ്രകടമാക്കാൻ പ്രയാസപ്പെടുന്ന ജീവിതയാഥാർത്ഥ്യങ്ങളെ മനോജ്ഞമായി ആവിഷ്കരിച്ചിരിക്കുന്നു. ഏഴകളുടെ ജീവിതവിശ്വാസങ്ങളും സ്വഭാവശുദ്ധിയും എത്ര ഹൃദയസ്പൃക്കമായ രീതിയിലാണ് ചീതയുടെ വാക്കുകൾ വഴി നമുക്കു മനസ്സിലാക്കിത്തരുന്നതു്. ഉദ്ധരിണികൾ ആവശ്യമുണ്ടെന്നു് തോന്നുന്നില്ല. ഏതുഭാഗവും മതിയായ ഉദാഹരണമായിരിക്കും.

ഇതിലെ കഥാപാത്രങ്ങൾ— തമ്പുരാട്ടിയും ചീതയും—ജീവിതത്തിൻെറ ഉച്ചവും നീചവും ആയ രണ്ടു വിഭിന്നപദവിയിൽ നിന്നും സൌഹാർദ്ദനിരത്തിലേയ്ക്കിറങ്ങിനിന്നു കൊണ്ടു അവരവർക്കു പരിചിതമായ കാഴ്ചപ്പാടിൻെറ വെളിച്ചത്തിൽ നടത്തുന്ന ജീവിതവിശദീകരണമാണ് ഈ ഗാനനാടകത്തിൻെറ ജീവൻ. ഇവരുടെ സ

മാഗമത്തിലും സംഭാഷണത്തിലും സന്ധ്യയും ശാർവ്വരിയും സന്ധിക്കുന്ന വേളയിലെ ഒരു പരമസുഷമയും ശാന്തിയും നമുക്കനുഭൂതമാകുന്നു. ജീവിതത്തിൻെറ ബാഹ്യമോടികളിൽ മാത്രം ഭ്രമിക്കുന്ന തമ്പുരാട്ടിയുടെ പ്രശ്നാവലിയും ലളിതവും ശുദ്ധവുമായ എളിയ പരിചയങ്ങളിൽ നിന്നും അനുഭവസിക്തമായ ചീതയുടെ പ്രത്യുത്തരങ്ങളും ഏററവും തന്മയത്വത്തോടെ കവി തൊട്ടുതിർത്തിരിക്കുന്നു.

ഭാരതീയസംസ്കാരത്തിൻെറ പ്രത്യേകമുദ്രയായ ആ പതിഭക്തി—സ്ത്രീത്വത്തിൻെറ വിജയം—പ്രൌഢയായ ആ പുരാണസീതയിലെന്നപോലെ പാവപ്പെട്ട ഈ ചീതയിലും തെളിഞ്ഞുപ്രകാശിക്കുന്നുണ്ട്. ബാഹ്യഭംഗിക്കുബഹുമൂല്യം കാണുന്ന തമ്പുരാട്ടി ചീതയോടു ചോദിക്കുകയാണു്, അവളുടെ കാന്തൻ "ചന്തം തികഞ്ഞ പുരുഷനാണോ?" എന്നു്. മുഗ്ദ്ധയായ പുലയപ്പെണ്ണിൻെറ മറുപടി കേൾക്കുക. "അങ്ങേരടിയനൊരു തേവരാണേ." പതിപ്രാണയായ ഒരു സാധ്വിയുടെ ആരാധനാപരമായ പ്രേമഭാവം ഇതിൽ കവിഞ്ഞു ഭംഗിയിൽ എങ്ങനെ പ്രകടിപ്പിക്കും? ഉന്നത ജീവിതജഢിലതയിലെ കോളിളക്കത്തിൽ ആവിലമായി പ്രവഹിക്കുന്ന ദാമ്പത്യവാഹിനി, ഈ താണ നിരത്തുകളിൽ എത്ര പ്രസന്നമായും സുഖസന്ദായിനിയായും ഒഴുകുന്നു എന്നു നോക്കുക,

"ആവശ്യം വന്നെങ്കിലെന്തുചെയ്യും?
    ദൈവം തരുമെല്ലാം തമ്പുരാട്ടി

...... ...... ...... ...... ...... ......

കഞ്ഞിക്കു കറികളെന്തായിരിക്കും?
    കപ്പ വേവിക്കും മുതിര കാണും

ആരാൻ വിശേഷിച്ചു വന്നുപോയാൽ?
ഉള്ളതിൽ പങ്കു കൊടുത്തയയ്ക്കും
അന്നു നീ പട്ടിണി ആകയില്ലേ?
അങ്ങേരെനിക്കു കരുതിവയ്ക്കും.

........... ........ ........ .........

പുലയന്റെ വീട്ടിലെ പണിയെടുക്കാൻ
മടി തോന്നുകില്ലേ? കുറച്ചിലില്ലേ?
അങ്ങേക്കു വീട്ടു പണിയെടുക്കാ
നടിയനേക്കാളും മിടുക്കുകൂടും.
അങ്ങേരടുക്കളെവേല ചെയ്കാ
ലവമാനമെന്തൊന്നു തമ്പുരാട്ടീ?

ഇങ്ങനെയുള്ള ദാമ്പത്യസൗഹാർദ്ദം നമ്മുടെ കുടുംബജീവിതത്തിൽ കൈവന്നെങ്കിൽ! ഇത്ര മിതമായ അക്ഷരങ്ങളെക്കൊണ്ടു് ഇത്ര ഗഹനങ്ങളായ ആശയങ്ങളെ ഇത്ര തന്മയത്വത്തോടെ പ്രകാശിപ്പിക്കാൻ കഴിഞ്ഞ ശ്രീ. ആനന്ദക്കുട്ടന്റെ കാവ്യവാണീവിഭൂതി അസൂയാർഹം തന്നെ.

സന്ദർഭത്തിനനുസരിച്ച ആശയങ്ങളും ആശയങ്ങൾക്കനുയോജ്യമായ പദങ്ങളും ഉക്തിപ്രത്യുക്തികളും കഥാപാത്രങ്ങളുടെ വ്യക്തിത്വത്തിന് പററിയ ഭാവങ്ങളും ഭാഷയും ഉപയോഗിച്ച് ഈ കൃതിയെ ഗ്രന്ഥകാരൻ ആപാദചൂഡം മനോജ്ഞമാക്കിയിട്ടുണ്ടെന്ന് പറയുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. പാവപ്പെട്ട ആ ചീതയുടെ വാക്കുകളിലും വിശ്വാസങ്ങളിലും തെളിഞ്ഞുകാണുന്ന വിനയം, സ്വഭാവശുദ്ധി, പതിപ്രേമം, അതിഥിപൂജ, എന്നുവേണ്ട ഭാരതീയ സംസ്കാരത്തിന്റെ ഉത്തമാംശം എല്ലാം "പണമുള്ള വീട്ടിലെപ്പെണ്ണുങ്ങൾ" ഓർമ്മിക്കേണ്ടതാണ്.

രിലും കേളിയാടിയിരുന്നെങ്കിൽ എന്നു ഞാൻ ആശിയ്ക്കുന്നു.

അഞ്ചുരംഗങ്ങളുള്ള ഈ ലഘു ഗാനസംഭാഷണം ഒരേവൃത്തത്തിലാണ് രചിച്ചിരിക്കുന്നതെന്നൊരു ന്യൂനത ഇതിന് വേണമെങ്കിൽ പറയാം. പക്ഷെ ഏതുരീതിയിലും പൊല്ലി ഭംഗിയാക്കാവുന്ന ഭാഷാവൃത്തത്തിൽ ഇതൊരു കുറവെന്നു പറയാനും നിവൃത്തിയില്ല. മാത്രമല്ല ഒന്നു രണ്ടു കുറി ഈ ഗാനനാടകം വളരെ തന്മയത്വത്തോടെ അഭിനയിച്ചുകാണുന്നതിന് സൗകര്യമുണ്ടായ എനിക്ക്, ഇതിന്റെ അഭിനയ യോഗ്യതയിൽ ഉറച്ച വിശ്വാസമാണുണ്ടായതു്. മഹാകവികളുടെ കൃതികൾക്കും സാദ്ധ്യമാകാത്ത ഒരു പ്രചാരം അച്ചടിയിൽ പെടുന്നതിനു മുൻപുതന്നെ ഈ ലഘുകൃതിക്ക് ലഭിച്ചിട്ടുണ്ടെന്നുകാണുന്നതു് ചാരിതാർത്ഥ്യജനകമാണ്. ഇതു അനസ്യൂതകളായ ആസ്വാദ്യതയ്ക്കു് കാരണമായതു് ഈ ചീതയിലെ, ലാളിത്യം സ്വാഭാവികത, ഒഴുക്ക്, ചുരുക്കത്തിൽ എല്ലാ ഗുണവും ചേർന്നിണങ്ങിയതിനാലുള്ള ഒരു 'ഇതു്' എന്നിവയാണ്. അനിർവ്വചനീയമായ ഈ ഒരു ഇതാണ് ശ്രീ. ആനന്ദക്കുട്ടന്റെ കവിതയിലെ വിജയവൈജയന്തിയും.

ഈ കൃതിക്കും ഇതിന്റെ കർത്താവിനും സകല ഭാവുകങ്ങളും നേർന്നുകൊണ്ടു് ഞാൻ ചീതയെ സജ്ജന സമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം
15–7–123

കോന്നിയൂർ
കെ. മീനാക്ഷി അമ്മ.

3187
E 500

# ചീത

"കൂറുകാർ നിന്നെ വിളിപ്പതെന്തേ?"
"ചീതയെന്നാണെന്റെ തമ്പുരാട്ടീ."

"എന്തേ നിന്മേനി കറുത്തു പോവാൻ?"
"വെന്തീ വെയിലിൽ കരിഞ്ഞതാണേ."

"എന്തേ നിൻ കയ്യിൽ തഴമ്പു വീഴാൻ?"
"അന്തിയാവോളം പണികളുണ്ടേ."

"നിന്മുടിക്കെട്ടു മുഷിഞ്ഞതെന്തേ?"
"എണ്ണ കണ്ടിട്ടേറെ നാളു ചെന്നോ."

"എന്തേ നിൻമുണ്ടിത്ര മോശമാവാൻ?"
"ചുററിയതല്ലാണ്ടടിയനില്ലേ."

"മാറിടമെന്തേ മറപ്പതില്ലാ?"
"കീറത്തുണിയൊന്നും കിട്ടിയില്ല."

"ആരാനും കാണുമ്പോൾ നാണമില്ലേ?"
"നാണിയ്ക്കാനെന്തുള്ളൂ തമ്പുരാട്ടീ."

"അന്തിയായല്ലോ, പോകാത്തതെന്തേ?"
"ചന്തയിൽ പോകണം തമ്പുരാട്ടീ."

"ചന്തയിലെന്തു വിശേഷമിപ്പോൾ?"
"കല്ലരി വാങ്ങണം കഞ്ഞിവയ്ക്കാൻ."

"തന്നത്താൻ പോകുവാൻ പേടിയില്ലേ?"
"പേടിയ്ക്കാനെന്തുള്ളൂ തമ്പുരാട്ടീ."

"വേലിയിതേവരെയായതില്ലേ?"
"നാളെയടിയൻെറ വേലിയാണേ."

"ആഹാ, നീയെന്തേ പുറത്തിറങ്ങാൻ?"

"കഞ്ഞിയ്ക്കരിവാംങ്ങാൻ കാശ്ശുവേണ്ടേ?"

"നിന്നോടയാൾക്കേറെയിഷ്ടമുണ്ടോ?"

"പറവാനേയെല്ലാ മറിഞ്ഞുകൂട്ടു."

"വേറേ നിനക്കാരാൻ വേഴ്ച്ചയുണ്ടോ?"

"ഇല്ലില്ലേ, തന്ത കഴുത്തുവീശ്ശും."

* * *

"വേളിയ്ക്കീ വസ്ത്രമുടുത്തുകൊള്ളൂ."

"നന്നായിരിക്കട്ടെ തമ്പുരാട്ടീ."

"നേരമിരുട്ടീ, വേഗംനടക്കൂ."

"നേരാണു, പോണേ ഞാൻ തമ്പുരാട്ടീ."

## രണ്ട്

കടപ്പാടിൻെറയും ക്രൂറിൻെറയും പ്രചോദനംമൂലം ചീത വീണ്ടും തമ്പുരാട്ടിയുടെ പടിക്കലെത്തി. ചീത ഇന്നൊരു നവോഢയാണ്. അവളുടെ വിവാഹം ഏററവും നിരാഡംബരമായി, എന്നാൽ വിധിപ്രകാരം നടന്നുകഴിഞ്ഞിരിക്കുന്നു. മാംസത്തിൻെറ വിളികൾ മുഖത്തു മുഴച്ചുനില്ക്കുന്ന പ്രഭുകുമാരിക്ക് ആ ചെറുമക്കിടാവിനോട്ട് അസൂയ തോന്നിയിരിക്കണം. കല്യാണാഘോഷത്തെപ്പററി തമ്പുരാട്ടി ചോദിച്ചതിന് ചീത മറുപടി പറയുകയാണ്:—

"കാട്ടുകമ്പഞ്ചാരു വെച്ചുകെട്ടി
കൂട്ടർ മുററത്തൊരു പന്തലിട്ടു."

"പന്തലിൽ വെള്ള വിരിച്ചതിന്മേ
ലെന്തുവിതാനങ്ങൾ ചെയ്തിരുന്നു?"

"വെള്ളയുമില്ല, കറപ്പുമില്ല
ചിക്കപായ് നീളെ വിരിച്ചിരുന്നു."

"കല്യാണവേദി പടുത്തുകെട്ടി
മുല്ലപ്പൂ മാലകൾ ചാർത്തിയില്ലേ?"

"നിറപറവച്ചു നിലവിളക്കും
തിരിയിട്ടു കത്തിച്ചു വച്ചിരുന്നു."

"മംഗല്യം ചാർത്തുന്നാ നാൾ കുളിച്ചു
വഴിപാടുമൊന്നും കഴിച്ചതില്ലേ?"

“പുലർകാലേ പോയിക്കുളിച്ചുവന്നു
ചെറുകാവിലമ്മനു നേർച്ചവച്ചു.”

“വാദ്യഘോഷങ്ങളോടൊത്തുനിങ്ങൾ
മണവാളനെയെതിരേററതില്ലേ?”

“അങ്ങേതു പന്തലിലെത്തുവോളം
ചങ്ങാതി ശീലക്കുടപിടിച്ചു.”

“സില്ക്കും കസവിട്ട പാവുമുണ്ടു-
മൊക്കെന്നിൻ കാന്തനണിഞ്ഞിരുന്നോ?”

“കേമ്പിരിമുണ്ടൊന്നുടുത്തിരുന്നു,
കുറിമുണ്ടും തോളിലണിഞ്ഞിരുന്നു.”

“കല്യാണപ്പന്തലിലേയ്ക്കിറങ്ങാൻ
നിന്നെയണിയിച്ചതാരുചീതേ?”

“അമ്മായീം കോതയും കൂടെവന്നു
മുടിചീകി നെററിയിൽ പൊട്ടുകുത്തി.”

“ബന്ധുവും മിത്രവും മററുമായി
വളരെപ്പേർ വേളിക്കു വന്നിരുന്നോ?”

“അയൽവീട്ടുകാരുമിണങ്ങരുമാ-
യിരുപതിൽ കുറയില്ലതമ്പുരാട്ടീ”

“താലികഴുത്തിലണിഞ്ഞനേരം
നാണമായില്ലേനിനക്കു ചീതേ?”

“ആർപ്പുംകുരവയുംകേട്ടനേരം
അടിയന്നസംഭ്രമമായിരുന്നു.”

# മൂന്ന്

കെട്ടിയവൻെറ വീട്ടിൽനിന്നുമട ങ്ങിവന്നപ്പോഴും ചീത തമ്പുരാട്ടിയെ കാണാൻ മറന്നില്ല. ലളിതമായ കുടും ബജീവിതത്തിൻെറ സംതൃപ്തിയും, മാന സോല്ലാസത്തിൻെറ പ്രസാദവും അവ ളെ ഒന്നുകൂടി മുഗ്ദ്ധയാക്കിയിട്ടുണ്ട്. തമ്പു രാട്ടിക്ക ചീതയുടെ വൈവാഹികജീവി തത്തെപ്പററി അറിയാൻ മോഹം തോ ന്നി. അതെല്ലാം കേട്ടിട്ട് ഒരു ചുടുനെടുവീ പ്പുകൊണ്ട് അവളെ അനുഗ്രഹിക്കാൻ മാത്രമെ തമ്പുരാട്ടിക്ക കഴിഞ്ഞുള്ളൂ.

"വരു വരു ചീതേ നീയെന്നുവന്നു?"

"അടിയനെയിന്നലെക്കൊണ്ടുപോന്നു."

"അവിടെനിന്നെന്തെല്ലാം കൊണ്ടുവന്നു?"

"അവലും പൂകേലയും കൊണ്ടുവന്നു."

"നിൻ്റെയീവേഷം കളഞ്ഞതില്ലേ?"

"വേഷങ്ങളെന്തിന്നു തമ്പുരാട്ടീ?"

"പുലയനീവേഷങ്ങളിഷ്ടമാണോ?"

"അവർക്കിതൊക്കെയുമിഷ്ടമാണേ."

"എന്തു നിറമാണയാൾക്കു ചീതേ?"

"അടിയനെപ്പോലെ കറുത്തിരിക്കും."

"ചന്തം തികഞ്ഞ പുരുഷനാണോ?"

"അടിയനങ്ങേരൊരു തേവരാണേ"

"നിന്നെപ്പുലയൻ വിളിപ്പതെന്തേ?"
"പെണ്ണേയെന്നാണെൻെറ തമ്പുരാട്ടീ"

"ഓമനെയെന്നു വിളിയ്ക്കയില്ലേ?"
"എന്നുവച്ചാലെന്തുതമ്പുരാട്ടീ."

"ഇപ്പോഴും വേലയ്ക്കു പോകുമോ നീ?"
"അങ്ങേരൊരുമിച്ചു പോകുമെന്നും"

"ഉച്ചയ്ക്കു ഭക്ഷണമൊന്നുമില്ലേ?"
"തണലിലിരുന്നു തളർച്ച മാററം."

"ക്ഷീണിച്ചു പാടത്തു വീഴുകില്ലേ?"
"വീണിട്ടില്ലിന്നോളം തമ്പുരാട്ടീ."

"എപ്പോഴാം നീ വീട്ടിൽ മടങ്ങിയെത്തും?"
"അന്തിയ്ക്കുടിയങ്ങൾ വേലതീരും."

"കൂലിയിരുവക്കുമെന്തുകിട്ടും?"
"നാലഞ്ചുകൂലിയാൻ നെല്ലു കിട്ടും."

"അതുകൊണ്ടു രണ്ടുപേരെന്തുകാട്ടും?"
"ഒരുനേരം കഞ്ഞി കുടിക്കുമെന്നും."

"കഞ്ഞിയ്ക്കു കറികളെന്തായിരിക്കും?"
"കപ്പവേവിയ്ക്കും, മുതിരകാണും."

"ആരാൻ വിശേഷിച്ചു വന്നുപോയാൽ—?"
"ഉള്ളതിൽപങ്കു കൊടുത്തയയ്ക്കും."

"അന്നു നീ പട്ടിണിയാകയില്ലേ?"
"അങ്ങേരെനിയ്ക്കു കരുതിവയ്ക്കും."

"പിരിയാതിരിക്കട്ടെ നിങ്ങൾ തമ്മിൽ."
"ദൈവംതുണയ്ക്കട്ടെ തമ്പുരാട്ടി."

# നാലു്

നാടാകെ അരിക്ക ക്ഷാമമായി. വരുതിയുടെ പ്രത്യാഘാതം അധികം ബാധിക്കുക പാവങ്ങളെയാണല്ലൊ. ചീതയുടെ ചടച്ച ഉടൽ കണ്ടിട്ടു് തമ്പുരാട്ടിക്ക സഹതാപം തോന്നി. അന്തിയാകും വരെ പണിയുകയും, അതുകഴിഞ്ഞു് വയറുനിറയെ പട്ടിണിയുമായി പാടത്തിൽ തളർന്നുവീഴുകയും ചെയ്യുന്ന ചീതയെപ്പോലെയുള്ള ഏഴകളെവിടെ, ഈ തമ്പുരാട്ടിയെവിടെ?—

"ചീതേ, നീയിത്രമെലിഞ്ഞതെന്തേ?"
"വയലിൽപണിയാണേ തമ്പുരാട്ടീ."

"വീട്ടിന്റെ ചിന്ത മറന്നുവോ നീ?"
"വേലയൊഴിഞ്ഞിട്ടുനേരമില്ലേ."

"അറിയുവാനുണ്ടൊരു നൂറുക്കൂട്ടം."
"അറിയിയ്ക്കാം തമ്പ്രാട്ടിയ്ക്കിഷ്ടമെങ്കിൽ."

"ഇപ്പോഴും പുലയനുസ്നേഹമാണോ?"
"എപ്പോഴുമടിയനോടിഷ്ടമാണേ."

"കോപവും ശാഠ്യവുമൊന്നുമില്ലേ?"
"അരിശപ്പെടാറില്ലതമ്പുരാട്ടീ."

"അവിടെല്ലാമെന്തുവിശേഷമിപ്പോൾ?"
"അരികിട്ടാനില്ലെന്റെ തമ്പുരാട്ടീ."

"അരിയില്ലാതെങ്ങനെ നാൾകഴിക്കും?"

"പലനാളും പഞ്ഞംകിടന്നുപോകും."

"എന്തെല്ലാം വേലകൾ ചെയ്തിടുംനീ?"

"കതിരെല്ലാംകൊയ്തുമെതിച്ചുകൂട്ടും."

"നെല്ലൊന്നും കൂലിയായ് കിട്ടുകില്ലേ?"

നെല്ലായികിട്ടുന്ന നാൾചുരുങ്ങും."

"സ്വന്തമായ് വീടുംപറമ്പുമില്ലേ?"

"അടിയങ്ങൾ കാവൽ കിടക്കയാണേ."

"പുരയില്ലേ,നിങ്ങൾക്കു താമസിക്കാൻ?"

"ഒരു കൊച്ചുമാടത്തിൽ പാക്കയാണേ!"

"വീട്ടിനുവാതിലുമൊന്നുമില്ലേ?"

"ഓലകൊണ്ടൊന്നുമറച്ചുവയ്ക്കും."

"പേടിയാവില്ലേ കിടന്നുറങ്ങാൻ?"

"അടിയങ്ങൾക്കതിനൊന്നുംപേടിയില്ലേ."

"പണമെല്ലാം നിങ്ങളെവിടെവയ്ക്കും?"

"പണമെങ്ങൾക്കെവിടുന്നു തമ്പുരാട്ടീ."

"പണിചെയ്തുകിട്ടുന്നതെന്തുകാട്ടും?"

"അതിലെന്തുമിച്ചം കരുതിവയ്ക്കാൻ!"

"ആവശ്യംവന്നെങ്കിലെന്തുചെയ്യും?"

"ദൈവംതരുമെല്ലാം തമ്പുരാട്ടീ."

"പാവങ്ങൾക്കീശ്വരനെന്തുചെയ്യാൻ?"

"പാവങ്ങൾക്കുടയതമ്പ്രാൻ കൂടൊയയാണേ."

"നേരംപോക്കുണ്ടുനിൻചൊല്ലുകേൾക്കാൻ"

"നേരംപോക്കല്ലിതുസത്യമാണേ."

# അഞ്ച്

ചീത അമ്മയായി. സ്ത്രീയുടെ ജന്മോദ്ദേശമായ മാതൃത്വം അവൾക്കു കരഗതമായി. പവിത്രചരിതയായ ആ പെൺകിടാവിന് അവളുടെ ഭർത്താവു നൽകിയ "ജീവനുള്ള സമ്മാന"ത്തെ ഒക്കത്തേന്തിക്കൊണ്ട് അവൾ തമ്പുരാട്ടിയെക്കാണാൻവന്നു. പരിഷ്കൃതരീതിയിലുള്ള ശിശുപരിചരണം മാത്രമേ, അമ്മയാകാൻ ഇതുവരെ കഴിഞ്ഞിട്ടില്ലാത്ത തമ്പുരാട്ടിക്കു വശമുള്ളൂ. തമ്പുരാട്ടിയുടെ പ്രതീക്ഷകളും, ചീതയുടെമറുപടികളും തമ്മിൽ എന്തൊരന്തരം!

"അല്ലല്ലാ, ചീതേ, നീയമ്മയായോ?"
"ദൈവം കനിഞ്ഞുകൊടുത്തതാണേ."

"പേരെന്തിവനെ വിളിച്ചിടുംനീ?"
"കുഞ്ചനെന്നാണെൻെറ തമ്പുരാട്ടീ."

"എന്തേ പരിഷ്കാരപ്പേരിടാഞ്ഞൂ?"
"തമ്പ്രാക്കൾ കേട്ടാലടിച്ചിറക്കും."

"ഇപ്പോഴും പാടത്തു പോകുമോനീ?"
"പോകാതിരിയ്ക്കില്ല തമ്പുരാട്ടീ."

"കുഞ്ഞിനെത്താനേ കിടത്തിയിട്ടോ?"
"കുഞ്ഞിക്കിടാത്തനേം കൊണ്ടുപോകും."

"വേലയെടുക്കുമ്പോളെന്തുചെയ്യും?"
"മാവിൻ തണലിൽ കിടത്തുമെന്നും."

"കുഞ്ഞുകരഞ്ഞുവിളിക്കയില്ലേ?"

"ചിലനേരം ചെന്നമുലകൊടുക്കും."

"കാറേററാൽ ദീനം പിടിയ്ക്കുയില്ലേ?"

"ഇതുവരെ ദീനങ്ങളൊന്നുമില്ലേ."

"കുട്ടിക്കുറാപ്പൗഡർ പൂശുകില്ലേ?"

"എന്നുവച്ചാലെന്തുതമ്പുരാട്ടീ"

"ചിരിയും കളികളുമൊക്കെയുണ്ടോ?"

"തന്തയെകണ്ടാൽകുതിച്ചുചാടും."

"വർത്തമാനങ്ങൾപറയുമോടി?"

"അമ്മയെന്നൊക്കെപ്പറയുമിപ്പോൾ."

"കുഞ്ഞിൻെറ നക്ഷത്രമെന്തുചീതേ?"

"തിരുവോണം നാളാണേ തമ്പുരാട്ടീ."

"നല്ലജനനമോ, ഭാഗ്യമുണ്ടോ?"

"ആയുസ്സിനേതും വിനകളില്ലേ."

“അവനൊരുകൊച്ചുമിടുക്കനാകും.”
“കരുമനയിപ്പോഴേയുണ്ടു കയ്യിൽ”

“ആഹാ, മിടുക്കൻ ചിരിക്കയാണോ?”
“തമ്പ്രാട്ടിയോടേറെയിഷ്ടമാണേ.”

“കുഞ്ചനീക്കുഞ്ഞുടുപ്പിഷ്ടമാണോ?”
“കുഞ്ഞിക്കിടാത്തൻ ചിരിയ്ക്കയാണേ.”

“ഇനിയെന്നു കുഞ്ചൻ വരുമിവിടെ?”
“ഇളവുള്ള നേരത്തുകൊണ്ടുപോരാം.”

# ആറ്

ഇളവില്ലാത്തവേല, സമരത്തിന്റെ ഭയങ്കരതമൂലം പടൎന്നുപിടിച്ചിരിക്കുന്ന പട്ടിണി അങ്ങനെ അനാരോഗ്യത്തിന്റെയും ദുർഭിക്ഷത്തിന്റെയും ചുഴിയിൽപെട്ട ചീത വീണ്ടും തമ്പുരാട്ടിയെക്കാണാൻവന്നു. ആവൂ, അവൾ എന്തുമാറിപ്പോയി! ചുററുപാടുകളെല്ലാം പാവങ്ങളെ ഞെരുക്കുകയാണ്. ഭരണകൂടം ഏൎപ്പെടുത്തിയിരിക്കുന്ന ചട്ടങ്ങൾപോലും ഈ പാവങ്ങളുടെ അജ്ഞത മൂലം അവൎക്ക് ഉപദ്രവകാരികളായിത്തീരുന്നു! ഈ നരകയാതനയുടെ നടുവിലും ചീതയ്ക്കു്ഒരു സ്വൎഗ്ഗമുണ്ടു്. പതിപ്രേമം!

തമ്പുരാട്ടിക്ക് സ്വന്തം ആഭിജാത്യത്തെ ശപിക്കാൻ തോന്നി!!

"അയ്യയ്യോ ചീതേ,യിതെന്തുകോലം!
തലമുടിയെല്ലാമററുപോനീ?"

"അടിയനു ദീനം കലശലായി
കുടിലിൽകിടന്നുപോയ് രണ്ടുമാസം."

"എല്ലുകളെല്ലാം തെളിഞ്ഞു,കഷ്ടം,
മെന്തായിരുന്നു നിനക്കുദീനം?"

"അരിവെന്തവെള്ളം ചെല്ലാഞ്ഞതിനാൽ
വയറുകാഞ്ഞുണ്ടായ ദീനമാണേ."

"പുലയനും നീയുംപണിയെടുത്തി-
ട്ടരിവാങ്ങാനുള്ള പണവുമില്ലേ?"

"ചീട്ടങ്ങുകാട്ടാതെ നെല്ലളന്നാൽ
പീടികത്തമ്പ്രാനുകുററമുണ്ടേ."

"ഒട്ടൊരുനാഴിയരിക്കുപോലും
ചീട്ടനിങ്ങൾക്കാരും തന്നതില്ലേ?"

"അറിയാതെ ചീട്ടെടുത്തന്നൊരിക്കൽ
കുഞ്ഞിക്കിടാത്തൻവലിച്ചുചീന്തി."

"അവനെക്കൂടാതെനീപോന്നതെന്തേ?
നിലവിളിക്കില്ലേ മുലകുടിയ്ക്കാൻ?"

"എപ്പോഴുംകൊണ്ടുനടന്നുപോയാൽ
സിദ്ധാന്തമേറിപ്പോം തമ്പുരാട്ടി."

"രോഗംപിടിച്ചുകിടന്ന നേരം
ഡാക്ടർവന്നില്ലേ മരുന്നുനൽകാൻ?"

"കുഞ്ഞിക്കിടാത്തന്റെതന്തയേതോ
ഗുളിക വെള്ളത്തിലുരച്ചുതന്നു."

"വീട്ടിലെജ്ജോലികൾനോക്കുവാനായ്
കൂട്ടരിലാരാനുംവന്നിരുന്നോ?"

"അങ്ങേർക്കുവീട്ടുപണിയെടുക്കാ
നടിയനെക്കാളുംമിടുക്കുകൂടും."

"പുലയനുവീട്ടുപണിയെടുക്കാൻ
മടിതോന്നുകില്ലേ? കുറച്ചിലില്ലേ?"

“അങ്ങേരടുക്കളെവേലചെയ്താ-
ലവമാനമെന്തോന്നതമ്പുരാട്ടീ.”

“പുലയരാണെങ്കിലും നിങ്ങളത്രേ
വലിയവരെക്കാളും ഭാഗ്യമുള്ളോർ.”

“അടിയനിതേവരെക്കണ്ടില്ലല്ലോ
കൊച്ചമ്പ്രാനെവിടെപ്പോയ് തമ്പുരാട്ടീ?”

“നീയല്ലോ തെററിദ്ധരിച്ചുപോയി,
ഞാനിന്നും കന്യകയാണു ചീതേ!”

“അഴകുള്ള തമ്പുരാൻവന്നിടുമ്പോ-
ളടിയനെയന്നുമറക്കരുതേ!”

“പണമുള്ള വീട്ടിലെപ്പെണ്മണിയായ്
ഇനിയാരുമയ്യോജനിക്കരുതേ!!”

★

# എൻ. ബി. എസ്. പ്രസിദ്ധീകരണങ്ങൾ

## നോവലുകൾ

| | | | |
|---|---|---|---|
| അമ്മ (രണ്ടുഭാഗം)—മാക്സിംഗോക്കി | 5 | 0 | 0 |
| അന്നയും കാറലും—ഇ. കെ. ദിവാകരൻപോററി | 1 | 0 | 0 |
| ഇരുപത്തൊന്നു ഭാര്യമാർ—പി. ജി. പിള്ള | 1 | 4 | 0 |
| ഉലക്ക—കേശവദേവ് | 0 | 12 | 0 |
| ഒരുരാത്രി—കേശവദേവ് | 0 | 6 | 0 |
| ഓടയിൽനിന്ന്—കേശവദേവ് | 1 | 4 | 0 |
| കഷണ്ടിസംഹാരി—പി. കെ. രാജരാജവർമ്മ | 2 | 0 | 0 |
| കഴുമരം—വിക്ടർഹ്യൂഗോ | 1 | 0 | 0 |
| കാർമെൻ—ഏ. ബാലകൃഷ്ണപിള്ള | 1 | 0 | 0 |
| കാമുകൻെറ പ്രതികാരം—ഡിററക്റ്റീവ് | 0 | 8 | 0 |
| ഗുരുത്വക്കേട്—പി. കെ. രാജരാജവർമ്മ | 1 | 0 | 0 |
| ഗൂഢാലോചന—ഡിററക്റ്റീവ് | 1 | 0 | 0 |
| ഗ്രാമബാലിക—ലളിതാംബിക അന്തർജ്ജനം | 0 | 12 | 0 |
| ചോരയും കല്ലുകളും—കെ. ഏ. അബ്ബാസ് | 0 | 12 | 0 |
| ജനുവരി ഒമ്പതു്—മാക്സിംഗോക്കി | 0 | 10 | 0 |
| ജീവിക്കുവാൻ മറന്നുപോയ സ്ത്രീ—വെട്ടൂർ | 1 | 0 | 0 |
| ഞങ്ങൾ സോവിയററുജനങ്ങൾ—റഷ്യൻനോവൽ | 0 | 8 | 0 |
| താലപുഷ്കരം—കുന്നത്തു് ജനാർദ്ദനമേനോൻ | 1 | 4 | 0 |
| തികഞ്ഞപെണ്ണ്—ഈ. എം. കോവൂർ | 1 | 0 | 0 |
| തെണ്ടിവർഗ്ഗം—തകഴി | 1 | 0 | 0 |
| തോട്ടി—നാഗവള്ളി | 1 | 8 | 0 |
| ദുരന്തദുശ്ശങ്ക—കൈനിക്കര കുമാരപിള്ള | 3 | 0 | 0 |
| നടി—കേശവദേവ് | 2 | 4 | 0 |
| നിലവറയിലെ അസ്ഥിപഞ്ജരം—ഡിററക്റ്റീവ് | 2 | 4 | 0 |
| ൻറുപ്പുപ്പാക്കൊരാനേണ്ടാന്ന്—ബഷീർ | 2 | 0 | 0 |
| പഞ്ചുമേനവനും കുഞ്ചിയമ്മയും—(2 ഭാഗം) പി. കെ. | 2 | 4 | 0 |
| പാപികൾ—പോഞ്ഞിക്കര റാഫി | 2 | 4 | 0 |
| പിശാചും മനുഷ്യനും—പി. എ. എ. ഖാദർ | 1 | 4 | 0 |

| | | | |
|---|---|---|---|
| പ്രേമഭാജനം—കെ. സരസ്വതിഅമ്മ | 1 | 0 | 0 |
| പ്രേമസാഗരം—ശരച്ചന്ദ്രചാററർജി | 1 | 4 | 0 |
| ഫുട്ട്റൂൾ—പോഞ്ഞിക്കര റാഫി | 0 | 8 | 0 |
| ബറബാസ്—മേരികോറെല്ലി | 2 | 4 | 0 |
| ബാലചന്ദ്രൻ—കാരൂർ | 0 | 8 | 0 |
| മരണത്തിൻെറ നിഴലിൽ—ബഷീർ | 1 | 0 | 0 |
| മരണത്തിൻെറ പരാജയം—കെ. എ. അബ്ബാസ് | 1 | 0 | 0 |
| മായാലോകം—എം. എസ്സ്. പിള്ള (ഡിററക്റ്റീവ്) | 3 | 0 | 0 |
| മുച്ചീട്ടുകളിക്കാരൻെറ മകൾ—ബഷീർ | 0 | 6 | 0 |
| മോഹനവല്ലി—കെ. ഭാരതിഅമ്മ | 1 | 8 | 0 |
| രണ്ടുലോകം—നാഗവള്ളി | 1 | 4 | 0 |
| രക്തംകുടിച്ച മോതിരം—ഡിററക്റ്റീവ് | 1 | 0 | 0 |
| രാഗപ്രഭ—കുര്യൻ തെക്കടവിൽ | 1 | 0 | 0 |
| രാജ്യദ്രോഹി—യശ്പാൽ | 3 | 0 | 0 |
| ലളിത—കെ. ജി. വറുഗീസ് | 1 | 8 | 0 |
| വിഷകന്യക—പൊററക്കാട്ട് | 3 | 0 | 0 |
| വിലാസകുമാരി—പള്ളത്ത്രാമൻ | 1 | 4 | 0 |
| വീരവനിത—കെ. കെ. ശിവദാസനുണ്ണി | 1 | 8 | 0 |
| വെറുംകോവിൽ—ഖണ്ഡേക്കർ | 2 | 0 | 0 |
| വെള്ളിത്തിര—പി. കെ. കുരുവിള | 1 | 4 | 0 |
| സുമതി—ശരച്ചന്ദ്രചാററർജി | 0 | 8 | 0 |
| ഹരിണി—പയ്യമ്പള്ളി | 1 | 0 | 0 |

## ചെറുകഥകൾ

| | | | |
|---|---|---|---|
| അണിയറ—പൊൻകുന്നം വർക്കി | 1 | 0 | 0 |
| അന്തരംഗം—വെട്ടൂർ രാമൻനായർ | 1 | 4 | 0 |
| അന്തിത്തിരി—പൊൻകുന്നം വർക്കി | 1 | 4 | 0 |
| അസ്ട്രോളജർ—കാരൂർ | 1 | 0 | 0 |
| അമ്മവീട്ട്—കെ. എം. തേവര | 1 | 0 | 0 |
| അച്ഛൻെറ അന്തകൻ—റാഫി | 0 | 12 | 0 |
| ഇങ്കിലാബ്—തകഴി | 1 | 0 | 0 |
| ഈറാലിയിലെ കഥകൾ—മാക്സിംഗോർക്കി | 1 | 4 | 0 |

| | | | |
|---|---|---|---|
| ഒഴിവുകാലം—റാഫി | 1 | 4 | 0 |
| ഒരുപിടി മണ്ണ്—കാരൂർ | 1 | 4 | 0 |
| ഒമ്പതു ഫ്റഞ്ചു കഥകൾ—എ. ബാലകൃഷ്ണപിള്ള | 1 | 8 | 0 |
| കനത്തമതിൽ—കെ. സരസ്വതി അമ്മ | 1 | 4 | 0 |
| കഥയല്ല—കാരൂർ | 1 | 0 | 0 |
| കറുത്ത ഏടുകൾ—കെ. വി. തോമസ് | 1 | 0 | 0 |
| കാമുകന്റെ കത്ത്—കേശവദേവ് | 0 | 10 | 0 |
| കാരൂർകഥകൾ—കാരൂർ | 1 | 4 | 0 |
| കിളിവാതിലിലൂടെ—അന്തർജ്ജനം | 1 | 0 | 0 |
| കുമ്പെടുക്കുന്ന മണ്ണ്—പി. സി. കുട്ടികൃഷ്ണൻ | 1 | 8 | 0 |
| കൊടുംകാററിൽനിന്ന്—അന്തർജ്ജനം | 1 | 4 | 0 |
| ഗൃഹനായിക—കാരൂർ | 1 | 0 | 0 |
| ചിരിക്കുന്ന കാട്ടാറ്—മേരിജോൺ | 1 | 0 | 0 |
| ചുവന്നകഥകൾ—മാക്സിം ഗോർക്കി | 0 | 12 | 0 |
| ജ്വാലയും പൂവും—കൃഷൻചന്ദർ | 1 | 8 | 0 |
| ഡെമൊക്രസി—പൊൻകുന്നം വർക്കി | 2 | 4 | 0 |
| തകർന്നതലമുറ—അന്തർജ്ജനം | 1 | 4 | 0 |
| തകഴിയുടെ കഥകൾ—തകഴി ശിവശങ്കരപ്പിള്ള | 1 | 4 | 0 |
| തുറന്നിട്ട ജാലകം—പി. സി. കുട്ടികൃഷ്ണൻ | 1 | 0 | 0 |
| തേക്കുപാട്ട്—കാരൂർ | 1 | 8 | 0 |
| തൊപ്പിയും തട്ടവും—എൻ. പി. മുഹമ്മദ് | 1 | 0 | 0 |
| നാളത്തെ ലോകം—കമുകറ | 0 | 12 | 0 |
| നാം കാടന്മാരാണ്—കൃഷൻചന്ദർ | 1 | 0 | 0 |
| നിവേദനം—പൊൻകുന്നം വർക്കി | 1 | 4 | 0 |
| നീലമല—പി. സി. കുട്ടികൃഷ്ണൻ | 1 | 0 | 0 |
| പാവപ്പെട്ടവരുടെ വേശ്യ—ബഷീർ | 1 | 0 | 0 |
| പാറകളുടെ സംഗീതം—വെട്ടൂർ | 1 | 8 | 0 |
| പുതിയ പ്ലാൻ—സി. അച്യുതക്കുറുപ്പ് | 0 | 12 | 0 |
| പൂവമ്പഴം—കാരൂർ | 1 | 4 | 0 |
| പെൺബുദ്ധി—കെ. സരസ്വതി അമ്മ | 1 | 8 | 0 |
| ഭടന്റെ സ്വപ്നം—വെട്ടൂർ | 1 | 4 | 0 |

| | | | |
|---|---|---|---|
| ഭാവിവരൻ—കേശവദേവ് | 1 | 4 | 0 |
| മലരും മണവും—ആർ. മാധവൻനായർ | 1 | 0 | 0 |
| മറനീക്കൽ—ഇ. എം. കോവൂർ | 1 | 8 | 0 |
| മഞ്ഞപ്പിത്തം—കൃഷൻചന്ദർ | 1 | 0 | 0 |
| മഴക്കാറുകൾ—മുട്ടത്തു വർക്കി | 1 | 0 | 0 |
| മിന്നൽക്കൊടി—കെ. എം. തേവര | 1 | 0 | 0 |
| മീൻകാരി—കാരൂർ | 1 | 4 | 0 |
| മേൽവിലാസം—കാരൂർ | 1 | 0 | 0 |
| യമന്റെ മുമ്പിൽ—ഇ. എം. കോവൂർ | 1 | 8 | 0 |
| രണ്ടുദിവസം—വെട്ടൂർ | 1 | 4 | 0 |
| രാജമല്ലി—എസ്. കെ. പൊറ്റെക്കാട്ട് | 2 | 8 | 0 |
| വിഡ്ഢികളുടെ സ്വർഗ്ഗം—ബഷീർ | 1 | 4 | 0 |
| വിവാഹസമ്മാനം—കെ. സരസ്വതി അമ്മ | 1 | 4 | 0 |
| വിശപ്പും ദാഹവും—വെട്ടൂർ | 1 | 4 | 0 |
| ശിഥിലഹൃദയം—ചങ്ങമ്പുഴ കൃഷ്ണപിള്ള | 1 | 0 | 0 |
| സ്നേഹവും സൗന്ദര്യവും—ഏ. കെ. ബാലകൃഷ്ണപിള്ള | 1 | 0 | 0 |
| ഹൃദയം—വെള്ളായണി | 1 | 0 | 0 |
| റാണിയുടെ പട്ടി—എം. ഗോവിന്ദൻ | 1 | 8 | 0 |

## നാടകങ്ങൾ

| | | | |
|---|---|---|---|
| അകവും പുറവും—ടി. എൻ. ഗോപിനാഥൻനായർ | 1 | 4 | 0 |
| അഗ്നിപഞ്ജരം—കൈനിക്കര പത്മനാഭപിള്ള | 1 | 0 | 0 |
| അവൻ വീണ്ടും വരുന്നു—സി. ജെ. തോമസ് | 1 | 0 | 0 |
| അന്തരഞ്ജനം—എൻ. കൃഷ്ണപിള്ള | 1 | 8 | 0 |
| അപ്പൂപ്പൻ—കാരൂർ | 0 | 10 | 0 |
| അനശ്വരതയിലേക്കുള്ള ക്ഷണം—അബ്ബാസ് | 0 | 8 | 0 |
| ഇരുട്ടിനു മുമ്പ്—ജി. ശങ്കരക്കുറുപ്പ് | 0 | 8 | 0 |
| കന്യക—എൻ. കൃഷ്ണപിള്ള | 1 | 4 | 0 |
| കാൽവരിയിലെ കല്പപാദപം—കൈനിക്കര | 1 | 12 | 0 |
| കൂട്ടുകൃഷി—ഇടശ്ശേരി ഗോവിന്ദൻ നായർ | 1 | 4 | 0 |
| ജനദ്രോഹി—ടി. എൻ. ഗോപിനാഥൻനായർ | 1 | 4 | 0 |
| ജേതാക്കൾ—പൊൻകുന്നം വർക്കി | 1 | 8 | 0 |

| | | | |
|---|---|---|---|
| തപ്തബാഷ്പം—കെ. രാമകൃഷ്ണപിള്ള | 1 | 8 | 0 |
| നാളത്തെ നാടകം(ഇന്നത്തെ വനിത)—മാടശ്ശേരി | 0 | 8 | 0 |
| പാട്ടബാക്കി—കെ. ദാമോദരൻ. | 0 | 12 | 0 |
| പിന്തിരിപ്പൻപ്രസ്ഥാനം(വിനോദനാടകം)—ടി. എൻ. | 0 | 12 | 0 |
| പ്രധാനമന്ത്രി—പി. കേശവദേവ് | 1 | 0 | 0 |
| പ്രേമവിപ്ലവം—പൊൻകുന്നം വർക്കി | 1 | 0 | 0 |
| പ്രേമപരിണാമം—കൈനിക്കര കുമാരപിള്ള | 0 | 10 | 0 |
| ബലാബലം—എൻ. കൃഷ്ണപിള്ള | 1 | 4 | 0 |
| ബലി—കെ. സുരേന്ദ്രൻ | 1 | 4 | 0 |
| മണിമംഗലം—കൈനിക്കര കുമാരപിള്ള | 1 | 12 | 0 |
| മിസ്റ്റർ കൊമ്പത്ത്(വിനോദനാടകം)—മീശാൻ | 1 | 8 | 0 |
| മോഹവും മുക്തിയും—കൈനിക്കര | 1 | 12 | 0 |
| വേലുത്തമ്പിദളവാ-കൈനിക്കര പത്മനാഭപിള്ള | 1 | 12 | 0 |
| സ്ഥാനാർത്ഥികൾ—വള്ളംകുളം പി. ജി. പിള്ള | 1 | 0 | 0 |
| ഹനേലെ(ജർമ്മൻനാടകം)-വിവ: ചങ്ങമ്പുഴ കൃഷ്ണപിള്ള | 1 | 8 | 0 |

## നിരൂപണങ്ങളും പ്രബന്ധങ്ങളും

| | | | |
|---|---|---|---|
| ആധുനികസാഹിത്യം—എസ്. ഗുപ്തൻനായർ | 1 | 8 | 0 |
| ഇവനെന്റെ പ്രിയപുത്രൻ—സി. ജെ. തോമസ് | 1 | 4 | 0 |
| ഉയരുന്നയവനിക(നാടകശാസ്ത്രം)-സി.ജെ.തോമസ് | 1 | 8 | 0 |
| കാളിദാസൻ(ഒരു പഠനം)—വടക്കുംകൂർ | 1 | 8 | 0 |
| കുഞ്ചന്റെ ശേഷം(സാഹിത്യ ചരിത്രം)—മാടശ്ശേരി | 5 | 0 | 0 |
| കൈവിളക്ക്—കുട്ടികൃഷ്ണമാരാര് | 1 | 8 | 0 |
| ചെറുകഥാപ്രസ്ഥാനം—എം. പി. പോൾ | 2 | 0 | 0 |
| നോവൽസാഹിത്യം—എം. പി. പോൾ | 2 | 8 | 0 |
| പ്രബന്ധ ചന്ദ്രിക—ഡാ. കെ. എം. ജോർജ്ജ് | 1 | 8 | 0 |
| പൂവുംകായും(3 ഭാഗങ്ങൾ)—ഫാദർ സി. കെ. മററം | 3 | 12 | 0 |
| മുന്തിരിച്ചാറ്-ഡാ. കെ. എം. ജോർജ്ജ് | 1 | 4 | 0 |
| പുരോഗമനസാഹിത്യം എന്തിന്—(പ്രസംഗങ്ങൾ) | 1 | 4 | 0 |
| വിലയിരുത്തൽ-സി. ജെ. തോമസ് | 1 | 4 | 0 |
| വിചാരകൗതുകം—ഡാ. കെ.എം.ജോർജ്ജ് | 1 | 8 | 0 |

| | | | |
|---|---|---|---|
| ശ്രീശങ്കരാചാര്യർ(ഒരു പഠനം)—വടക്കുംകൂർ | 1 | 8 | 0 |
| സംസ്കാരകേദാരം—ഡാ. എസ്. കെ. നായർ | 1 | 12 | 0 |
| സാഹിതീയം—കുററിപ്പുഴ കൃഷ്ണപിള്ള | 1 | 8 | 0 |
| സാഹിത്യദർശനം—ഈ. കെ. നാരായണൻപോററി | 1 | 8 | 0 |
| ഗീതാഞ്ജലി—രവീന്ദ്രനാഥടാഗോർ | 1 | 8 | 0 |
| ഇടിമുഴക്കം(ഗദ്യകവിത)—വി. വി. കെ. വാലത്ത് | 1 | 0 | 0 |
| ചിത്രശാല " —പി. കേശവദേവ് | 1 | 0 | 0 |
| തിരുമുല്ക്കാഴ്ച " —പൊൻകുന്നംവർക്കി | 1 | 8 | 0 |

## ശാസ്ത്രങ്ങൾ

| | | | |
|---|---|---|---|
| കന്നുകാലിസംരക്ഷണം—എസ്. എ. പിള്ള | 0 | 12 | 0 |
| കോഴിവളർത്തൽ—കെ. ഡൊമിനിക്ക് ചെറിയാൻ | 1 | 4 | 0 |
| കൃഷിതത്വങ്ങൾ—എസ്. എ. പിള്ള | 1 | 8 | 0 |
| ചലച്ചിത്രകല—നാഗവള്ളി | 1 | 0 | 0 |
| ജനനനിയന്ത്രണം—ഡാ. സി. ആർ. നാരായണൻ | 3 | 0 | 0 |
| മന്ത്രവാദവും മതവും—സർ ജെ. ജി. ഫ്രേസർ | 3 | 0 | 0 |
| ശാസ്ത്രദീപ്തി—എം. ബാലരാമമേനോൻ | 1 | 4 | 0 |
| സഹകരണപ്രവേശിക—ആർ. മാധവപ്പൈ | 0 | 14 | 0 |

## രാഷ്ട്രീയകൃതികൾ

| | | | |
|---|---|---|---|
| അന്വേഷണത്തിൻെറ ആരംഭം—എം. ഗോവിന്ദൻ | 2 | 0 | 0 |
| ചൈനയിലെ വിപ്ലവം—കെ. ദാമോദരൻ | 2 | 4 | 0 |
| മതവും കമ്മ്യൂണിസവും—സി. ജെ. തോമ്മസ് | 1 | 8 | 0 |
| വിപ്ലവത്തിൻെറ മാർഗ്ഗം—ആചാര്യകൃപലാനി | 1 | 0 | 0 |
| സോവിയററുനാട്—സി. അച്ചുതമേനോൻ | 4 | 0 | 0 |
| സോഷ്യലിസം-സി. ജെ. തോമ്മസ് | 0 | 12 | 0 |
| സോഷ്യലിസവും ജയപ്രകാശും—ബാലൻ | 0 | 8 | 0 |

## ജ്യോതിഷം

| | | | |
|---|---|---|---|
| കരവാണി—(ചീറോ)- വിവ: ബി. തോമ്മസ് | 2 | 8 | 0 |
| ഖഗോളശാസ്ത്രം " " | 1 | 8 | 0 |
| സംഖ്യാജ്യോതിഷം " " | 5 | 0 | 0 |
| സ്വഭാവപഠനശാസ്ത്രം—ഡാ. ജോർജ്ജുതയ്യിൻ | 1 | 8 | 0 |

## യാത്രാവിവരണം

| | | | |
|---|---|---|---|
| ഇന്നത്തെ യൂറോപ്പ് – എസ്. കെ. പൊറ്റെക്കാട്ട് | 2 | 8 | 0 |
| വിജയകരമായ പിന്മാററം – പി. കെ. രാജരാജവർമ്മ | 1 | 8 | 0 |

## ഹാസസാഹിത്യം

| | | | |
|---|---|---|---|
| എലിവാണം – ഡീ സീ | 1 | 4 | 0 |
| കറപ്പും വെളുപ്പും – ഡീ സീ | 1 | 0 | 0 |
| കാററുപിടിച്ചതോണി – കോവൂർ | 1 | 4 | 0 |
| കുററിച്ചൂൽ – ഡീ സീ | 1 | 0 | 0 |
| ഗോപീവിലാസം – ഗോപി | 1 | 4 | 0 |
| പുലിവാല് – ആർട്ടിസ്റ്റ് | 1 | 0 | 0 |
| പ്രസിഡണ്ടുകഞ്ചി – രാജരാജവർമ്മ | 1 | 4 | 0 |
| മുള്ളുകൾ – ആനന്ദക്കുട്ടൻ | 1 | 4 | 0 |
| പൂവലുഭക്ഷണം – രാജരാജവർമ്മ | 1 | 4 | 0 |
| ലാത്തിച്ചാർജ്ജ് – ആർട്ടിസ്റ്റ് | 1 | 0 | 0 |
| ഹാസ്യവിലാസം (തുള്ളൽ) – മൈപ്പ് | 1 | 0 | 0 |

## ജീവചരിത്രം

| | | | |
|---|---|---|---|
| ആത്മകഥാസംക്ഷേപം – ഗാന്ധി | 1 | 8 | 0 |
| ഈ. വി. സ്മരണകൾ (2 ഭാഗം) C. I. രാമൻനായർ | 3 | 0 | 0 |
| ഏ. ബാലകൃഷ്ണപിള്ള – പി. ശ്രീധരൻപിള്ള | 1 | 4 | 0 |
| പണ്ഡിററ് നെഹ്രു – നാലാങ്കൽ കൃഷ്ണപിള്ള | 1 | 8 | 0 |
| സർദാർ പട്ടേൽ – ,, | 1 | 4 | 0 |
| സി. വി. രാമൻ – എസ്. പരമേശ്വരൻ | 1 | 0 | 0 |
| സ്വാമി വിവേകാനന്ദൻ – ഏ. ജി. കൃഷ്ണവാര്യർ | 2 | 4 | 0 |

## പദ്യകൃതികൾ

| | | | |
|---|---|---|---|
| അരളിപ്പൂക്കൾ – ജി. കുമാരപിള്ള | 1 | 4 | 0 |
| എം. ആർ. കൃതികൾ – എം. ആർ. കൃഷ്ണവാര്യർ | 5 | 0 | 0 |

| | | | |
|---|---|---|---|
| കന്നിക്കൊയ്ത്ത്—വൈലോപ്പിള്ളി | 1 | 8 | 0 |
| കുമാരഗീതങ്ങൾ—എം. എസ്. കുമാരൻനായർ | 1 | 4 | 0 |
| കുറെക്കൂടി—എൻ. വി. കൃഷ്ണവാര്യർ | 1 | 4 | 0 |
| കൊന്തയും പൂണൂലും—വയലാർ രാമവർമ്മ | 1 | 4 | 0 |
| ചീത—ആനന്ദക്കുട്ടൻ | 0 | 8 | 0 |
| ചെങ്കതിരുകൾ—ജി. ശങ്കരക്കുറുപ്പ് | 1 | 0 | 0 |
| ജീവിതം—ഭരതൻ എരനല്ലൂർ | 0 | 12 | 0 |
| ഞങ്ങൾ ചോദിക്കും—കെടാമംഗലം | 1 | 0 | 0 |
| തളിർത്തൊത്തുകൾ—ചങ്ങമ്പുഴ | 0 | 12 | 0 |
| നവാതിഥി—ജി. ശങ്കരക്കുറുപ്പ് | 1 | 0 | 0 |
| നീറുന്നതീച്ചൂള—ചങ്ങമ്പുഴ | 1 | 4 | 0 |
| പുത്തൻകലവും അരിവാളും—ഇടശ്ശേരി | 1 | 0 | 0 |
| പ്രദീപം—പി. കുഞ്ഞിരാമൻനായർ | 1 | 0 | 0 |
| മദലമോഹിനി—ചങ്ങമ്പുഴ | 1 | 0 | 0 |
| മനുഷ്യർ—പാലാ നാരായണൻനായർ | 1 | 0 | 0 |
| മന്ത്രിയുടെ മകൾ—കെടാമംഗലം | 1 | 0 | 0 |
| മുൾക്കിരീടം—പി. ഭാസ്കരൻ | 1 | 0 | 0 |
| വസന്തോത്സവം—ചങ്ങമ്പുഴ | 0 | 12 | 0 |
| ശ്രീരേഖ—വൈലോപ്പിള്ളി | 1 | 4 | 0 |
| ശ്രീചങ്ങമ്പുഴ—വെള്ളായണി | 0 | 8 | 0 |
| സരോവരം—വെണ്ണിക്കുളം | 1 | 4 | 0 |
| സാഹിത്യകൗതുകം (4—ാംഭാഗം)—ജി. ശങ്കരക്കുറുപ്പ് | 1 | 8 | 0 |
| സ്വാതന്ത്ര്യകാഹളം—ബോധേശ്വരൻ | 1 | 4 | 0 |

പലവക

| | | | |
|---|---|---|---|
| ഇരുന്നൂററമ്പതു പലഹാരങ്ങൾ (പാചകശാസ്ത്രം) | 1 | 4 | 0 |
| ഗ്രാമോദ്ധാരണം—എൽ. എം. തോമസ് | 1 | 4 | 0 |
| പഞ്ചായത്തുകൾ—ആർ. കേശവൻനായർ | 1 | 4 | 0 |
| പാചകദീപിക (മത്സ്യമാംസസസ്യപാചകശാസ്ത്രം) | 1 | 4 | 0 |

# പുതിയ പുസ്തകങ്ങൾ

| | | | | |
|---|---|---|---|---|
| പാപികൾ | പോഞ്ഞിക്കര റാഫി | 2 | 4 | 0 |
| തെണ്ടിവർഗ്ഗം | തകഴി | 1 | 0 | 0 |
| കഷണ്ടിസംഹാരി | പി. കെ. രാജരാജവർമ്മ | 2 | 0 | 0 |
| ഗൂഢാലോചന–ഡിറെക്റ്റീവ് | പി. എ. വാരിയർ | 1 | 0 | 0 |
| രക്തം കുടിച്ച മോതിരം ,, | റോബർട്ട് | 1 | 0 | 0 |
| കാമുകന്റെ പ്രതികാരം ,, | ,, | 0 | 8 | 0 |
| വീരവനിത ,, | ശിവദാസനുണ്ണി | 1 | 8 | 0 |
| പാവപ്പെട്ടവരുടെ വേശ്യ | ബഷീർ | 1 | 0 | 0 |
| ഇറ്റലിയിലെ കഥകൾ | മാക്സിം ഗോർക്കി | 1 | 4 | 0 |
| അന്തരംഗം | വെട്ടൂർ | 1 | 4 | 0 |
| ചിരിക്കുന്ന കാട്ടാറ് | മേരി ജോൺ | 1 | 0 | 0 |
| പുതിയ പ്ലാൻ | സി. അച്യുതക്കുറുപ്പ് | 0 | 12 | 0 |
| മലവും മണവും | മാധവൻനായർ | 1 | 0 | 0 |
| ഹൃദയം | വെള്ളായണി | 1 | 0 | 0 |
| മഞ്ഞപ്പിത്തം | കിഷൻചന്ദർ | 1 | 0 | 0 |
| തൊപ്പിയും തട്ടവും | എൻ. പി. മുഹമ്മദ് | 1 | 0 | 0 |
| അപ്പന്റെ അനന്തരവൻ | റാഫി | 0 | 12 | 0 |
| അഗ്നിപഞ്ജരം | കൈനിക്കര പത്മനാഭപിള്ള | 1 | 0 | 0 |
| പാട്ടബാക്കി | കെ. ദാമോദരൻ | 0 | 12 | 0 |
| ബലാബലം | എൻ. കൃഷ്ണപിള്ള | 1 | 4 | 0 |
| പുലിവാല് | ആർട്ടിസ്റ്റ് | 1 | 0 | 0 |
| ലഘുഭക്ഷണം | രാജരാജവർമ്മ | 1 | 4 | 0 |
| പൂവും കായും (2 ഭാഗം) | ഫാ: സി. കെ. മറ്റം | 2 | 8 | 0 |
| വിചാരകൗതുകം | ഡാ: കെ. എം. ജോർജ്ജ് | 1 | 8 | 0 |
| പ്രബന്ധ[illegible] | ,, | 1 | 8 | 0 |
| പുനരാഗമനം [illegible]ിതും എന്തിനു്! | | 1 | 4 | 0 |
| കുഞ്ചന്റെ ശേഷം | മാടശ്ശേരി മാധവവാര്യർ | 5 | 0 | 0 |
| ശ്രീശങ്കരാചാര്യർ | വടക്കുംകൂർ | 1 | 8 | 0 |
| ശ്രീകാളിദാസൻ | ,, | 1 | 8 | 0 |
| സോഷ്യലിസവും ജയപ്രകാശും | ബാലൻ | | 8 | 0 |
| മന്ത്രവാദവും മതവും | സർ ജെ. ജി. ഫ്രേസർ | 3 | 0 | 0 |
| ജനനനിയന്ത്രണം | ഡാ: സി. ആർ. നാരായണൻ | 3 | 0 | 0 |
| എം. ആർ. കൃതികൾ | എം. ആർ. കൃഷ്ണവാര്യർ | 5 | 0 | 0 |
| സംപൂർണ്ണജ്യോതിഷം | ബി. തോമസ് | 5 | 0 | 0 |

നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം

E 580

# ചീത്ത

"പണമുള്ള വീട്ടിലെ പെൺമണിയായ്
ഇനിയാരുമയ്യോ ജനിക്കരുതേ!!"

നാഷനൽ ബുക്കു് സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം

വില 8 അണ.